**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3618** **12-03-2025 - ൽ മറുപടിയ്ക്ക്**

**സ്വകാര്യ സ്വകാര്യ സർവ്വകലാശാലകളിലെ സംവരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. സി. വിഷ്ണുനാഥ്,<br>ശ്രീ. അൻവർ സാദത്ത് ,<br>ഡോ. മാത്യു കുഴൽനാടൻ,<br>ശ്രീമതി കെ. കെ. രമ** | | **ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് സ്വകാര്യ സർവ്വകലാശാലകൾ തുടങ്ങാനുള്ള തീരുമാനത്തിന്റെ കാരണം വിശദമാക്കാമോ; | (എ) | ഉന്നത വിദ്യാഭ്യാസ പരിഷ്കരണ കമ്മീഷന്റെ ശിപാർശയുടെ അടിസ്ഥാനത്തിലാണ് സംസ്ഥാനത്തു സ്വകാര്യ സർവകലാശാലകൾ ആരംഭിക്കാനുള്ള നടപടികൾ ആരംഭിച്ചത്. സാമൂഹ്യ നീതിയിൽ അധിഷ്ഠിതമായതും, മെച്ചപ്പെട്ടതും ഗുണമേന്മയുമുള്ളതുമായ ഉന്നത വിദ്യാഭ്യാസം ഉറപ്പു വരുത്തുക എന്നതാണ് സംസ്ഥാന സർക്കാരിന്റെ നയം. കേരളത്തെ ഒരു ഉന്നത വിദ്യാഭ്യാസ ഹബ്ബാക്കി മാറ്റാനാണ് സർക്കാർ ശ്രമിക്കുന്നത്. മറ്റു സംസ്ഥാനങ്ങളിൽ നിന്നും രാജ്യങ്ങളിൽ നിന്നുമുള്ള വിദ്യാർത്ഥികളെ ഇവിടേയ്ക്ക് ആകർഷിക്കുന്നതും Gross Enrollment Ratio (GER) വർധിപ്പിക്കുക എന്നതും പ്രധാന ഉദ്ദേശ്യമാണ്. ഇതിനാവശ്യമായ മൂലധന നിക്ഷേപം നടത്താൻ നിലവിലെ സാമ്പത്തിക സാഹചര്യത്തിൽ സംസ്ഥാന സർക്കാരിന് പരിമിതികളുണ്ട്.<br><br>മാത്രമല്ല, കേന്ദ്ര സർക്കാർ നിയമങ്ങളിലെ പഴുതുകളുപയോഗിച്ച് സംസ്ഥാന സർക്കാരിന്റെ അംഗീകാരമില്ലാതെ തന്നെ വിവിധ സ്ഥാപനങ്ങളും സർവകലാശാല സെന്ററുകളും പ്രവർത്തിക്കുന്നുണ്ട്. ഇത്തരത്തിലുള്ള നിരവധി ഡീംഡ് സർവകലാശാലകളടക്കമുള്ള പുതിയ സ്ഥാപനങ്ങൾ സംസ്ഥാനത്ത് ആരംഭിക്കാനുള്ള സാഹചര്യമുണ്ട്.<br><br>നിലവിൽ രാജ്യത്തെ 27 സംസ്ഥാനങ്ങളിലായി 502 സ്വകാര്യ സർവ്വകലാശാലകൾ പ്രവർത്തിക്കുന്നുണ്ട്. ഇവരുടെ പ്രവർത്തനങ്ങളെ കുറിച്ചും കേരളത്തിന്റെ പ്രത്യേക സാഹചര്യവും ഗൗരവകരമായി പരിശോധിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ സാമൂഹ്യ നീതിയും, സർക്കാരിന്റെ നിയന്ത്രണാധികാരവും stakeholders ന്റെ അവകാശങ്ങളും ഉറപ്പു വരുത്തി, |

| | | | |
|---|---|---|---|
| | | | ഏറ്റവും മെച്ചപ്പെട്ടതും ഗുണനിലവാരമുള്ള വിദ്യാഭ്യാസം നൽകുന്നതിന് ആവശ്യമായ എല്ലാ സാധ്യതകളും ഉറപ്പ് വരുത്തിയാണ് 2025 -ലെ കേരള സംസ്ഥാന സ്വകാര്യ സർവ്വകലാശാലകൾ (സ്ഥാപനവും നിയന്ത്രണവും) ബിൽ കൊണ്ട് വന്നിട്ടുള്ളത്. സ്വകാര്യ സർവകലാശാലകൾ പൂർണമായും സംസ്ഥാന സർക്കാരിന്റെ നിയമത്തിനും ചട്ടങ്ങൾക്കും വിധേയമായാണ് പ്രവർത്തിക്കുക. |
| (ബി) | സ്വകാര്യ സർവ്വകലാശാലകളുടെ കീഴിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സാമ്പത്തിക, സാമുദായികസംവരണം ഏർപ്പെടുത്തുമോ; വിശദാംശം നൽകുമോ; | (ബി) | സംവരണ തത്വങ്ങൾ പാലിക്കുന്നതിനു വേണ്ട പ്രധാനപ്പെട്ട വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചുകൊണ്ടാണ് സംസ്ഥാന ത്തു സ്വകാര്യ സർവകലാശാല ബിൽ തയ്യാറാക്കിയിട്ടുള്ളത്.<br><br>ഓരോ കോഴ്സിലും നാൽപത് ശതമാനം സീറ്റുകൾ സംസ്ഥാനത്തെ സ്ഥിരം നിവാസികളായ വിദ്യാർത്ഥികൾക്കായി സംവരണം ചെയ്യുന്നതിനും ഇതിൽ സംസ്ഥാനത്ത് നിലവിലുള്ള സംവരണ വ്യവസ്ഥ ബാധകമാക്കുന്നതിനും ബില്ലിൽ വ്യവസ്ഥ ഉൾപ്പെടുത്തിയിട്ടുണ്ട്.<br><br>പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ട വിദ്യാർത്ഥികൾക്ക് സർക്കാർ കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന ഫീസിളവ് നൽകുന്നതിനും സ്കോളർഷിപ്പുകൾ ഏർപ്പെടുത്തുന്നതിനും ബില്ലിൽ വ്യവസ്ഥ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (സി) | സ്വകാര്യ സർവ്വകലാശാലകളുടെ ഫീസിന്റെ കാര്യത്തിൽ സർക്കാരിന് നിയന്ത്രണം ഉണ്ടാകുമോയെന്ന് വ്യക്തമാക്കാമോ; വിശദമാക്കുമോ? | (സി) | സാമൂഹ്യനീതി എന്ന ആശയത്തിലധിഷ്ഠിതമായാണ് സംസ്ഥാനത്തെ സ്വകാര്യ സർവകലാശാലാ ബിൽ തയാറാക്കിയിരിക്കുന്നത്. സർക്കാരിന്റെ റെഗുലേറ്ററി ബോഡി സ്വകാര്യ സർവകലാശാലാ ബില്ലിൽ പ്രതിപാദിച്ചിട്ടുണ്ട്. പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ട വിദ്യാർത്ഥികൾക്ക് സർക്കാർ കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന ഫീസിളവ് നൽകുന്നതിനും സ്കോളർഷിപ്പുകൾ ഏർപ്പെടുത്തുന്നതിനും ബില്ലിൽ വ്യവസ്ഥ ഉൾപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ